സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലെ എഞ്ചിനീയറിംഗ് സീറ്റുകളുടെയും കോഴ്സുകളുടെയും വിശദാംശം

133 (1443) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ, എയ്ഡഡ് സ്വാശ്രയ മേഖലകളിലായി ആകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് നിലവിൽ ഉള്ളത് എന്ന് വെളിപ്പെടുത്താമോ ;

(ബി) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇപ്പോൾ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ കോഴ്സിനും സർക്കാർ, എയ്ഡഡ് സ്വാശ്രയ മേഖലകളിൽ എത്ര സീറ്റുകൾ വീതമാണുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള എഞ്ചിനീയറിംഗ് സീറ്റുകളിൽ ആകെ എത്ര സീറ്റുകൾ സംവരണാടിസ്ഥാനത്തിൽ സംവരണ സമുദായങ്ങളിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ മൊത്തം 2624 സീറ്റുകളും എയ്ഡഡ് കോളേജുകളിൽ 1390 സീറ്റുകളും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 13125 സീറ്റുകളുമാണ് ഉള്ളത്. അങ്ങനെ ആകെ 17139 സീറ്റുകൾ ആണ് ഇപ്പോൾ നിലവിലുള്ളത്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) നിലവിലുള്ള മൊത്തം സീറ്റുകളിൽ നിന്നും മാനേജ്മെന്റ്, എൻ.ആർ.ഐ. വിവിധ സ്പെഷ്യൽ സംവരണ വിഭാഗങ്ങൾ എന്നിവ കഴിച്ച് മൊത്തം 9661 സീറ്റുകളിലേയ്ക്കാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നത്. ഇതിൽ സംവരണാടിസ്ഥാനത്തിൽ വിവിധ സമുദായങ്ങൾക്കായി ആകെ 3376 സീറ്റുകളാണ് അലോട്ട്മെന്റിനായി നീക്കിവച്ചിട്ടുള്ളത്.

സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് പാലിക്കുന്ന സംവരണ തത്വം

134 (1444) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീം കോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധി പ്രകാരം സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് എത്ര ശതമാനം സീറ്റുകളാണ് മാനേജ്മെന്റുകൾക്ക് അനുവദിച്ചിട്ടുള്ളത് ;

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ന്യൂനപക്ഷ സമുദായങ്ങൾക്ക് എത്ര ശതമാനം സംവരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിധിക്കെതിരെ സംസ്ഥാന സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വെളിപ്പെടുത്താമോ ;

(ഡി) കേരളത്തിലെ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് ക്യാപിറ്റേഷൻ ഫീ വാങ്ങുന്നുണ്ടോ ;

(ഇ) എങ്കിൽ മെഡിക്കൽ പ്രവേശനത്തിന് എത്രയെന്നും എഞ്ചിനീയറിംഗ്, നഴ്സിംഗ്, ബി.ഫാം. ബി.എഡ് കോഴ്സുകൾക്ക് എത്രയെന്നും വെളിപ്പെടുത്താമോ ;

(എഫ്) സംസ്ഥാന സർക്കാരിന്റെ ശുപാർശയിൽ അംഗീകാരം നേടി ആരംഭിച്ച ചില സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ മാനേജ്മെന്റുകൾ, സർക്കാരിന്റെ നിർദ്ദേശങ്ങൾ, പ്രവേശനകാര്യത്തിലും ഫീസ് ഇനത്തിലും പാലിക്കുന്നില്ല എന്ന പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) അത്തരം മാനേജ്മെന്റുകൾക്കെതിരെ സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സുപ്രീം കോടതിയുടെ ഏറ്റവും ഒടുവിലത്തെ വിധി പ്രകാരം സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന്, എത്ര ശതമാനം സീറ്റുകൾ മാനേജ്മെന്റിന് നൽകണം എന്ന് നിഷ്കർഷിച്ചിട്ടില്ല.

(ബി) ന്യൂനപക്ഷ പദവിക്ക് അർഹതയുള്ള കോളേജുകളിൽ 50 ശതമാനം സീറ്റ് മാനേജ്മെന്റിന് അനുവദിച്ചിട്ടുണ്ട്.

(സി) സുപ്രീം കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടില്ല.

(ഡി) കേരളത്തിലെ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് ക്യാപിറ്റേഷൻ ഫീ വാങ്ങാൻ അനുവാദം നൽകിയിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) സംസ്ഥാന സർക്കാരിന്റെ ശുപാർശയിൽ അംഗീകാരം നേടി ആരംഭിച്ച ചില സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ മാനേജ്മെന്റുകൾ, സർക്കാരിന്റെ നിർദ്ദേശങ്ങൾ, പ്രവേശനകാര്യത്തിലും ഫീസ് ഇനത്തിലും പാലിക്കുന്നില്ല എന്ന പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) തിരുവല്ല പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി, മലങ്കര ഓർത്ത ഡോക്സ് സിറിയൻ ചർച്ച്, മെഡിക്കൽ മിഷൻ കോലഞ്ചേരി എന്നീ സ്വാശ്രയ സ്ഥാപനങ്ങൾ പ്രവേശന കാര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതെ ബഹു. ഹൈക്കോടതിയെ സമീപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

യഥാക്രമം 75, 60 ശതമാനം വീതം മാനേജ്മെന്റ് സീറ്റുകൾക്ക് അനുവാദം നേടി. ഇതിനെതിരെ സർക്കാർ ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(എച്ച്) സുപ്രീം കോടതിയുടെ അന്തിമ വിധി ഇതുവരെയും ആയിട്ടില്ല.

സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് അംഗീകാരം

135 (1445) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പറയുന്ന വ്യവസ്ഥകൾ പാലിക്കുന്ന സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് മാത്രം ഇനി അംഗീകാരം നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഈ വർഷം എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിച്ചിട്ടുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ഏതെല്ലാം ;

(ഡി) ഈ കോളേജുകൾ വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) എത്ര ശതമാനം സീറ്റുകൾ മെരിറ്റ് ലിസ്റ്റിൽ ഉള്ളവർക്കായി നീക്കി വെയ്ക്കണമെന്ന വ്യവസ്ഥയാണ് സർക്കാർ ഈ കോളേജ് മാനേജ്മെന്റുകളുടെ മുൻപിൽ വച്ചിട്ടുള്ളത് ; മാനേജ്മെന്റുകൾ ഈ വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുന്നതിന്, സർക്കാർ പറയുന്ന വ്യവസ്ഥകൾ പാലിക്കുന്ന സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾകൾക്ക് മാത്രം ഇനി അംഗീകാരം നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുന്നതിന്, മാനേജ്മെന്റുകൾക്ക്, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്/ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ്, 50 ശതമാനത്തിൽ കുറയാത്ത സീറ്റുകളിൽ പൊതു പ്രവേശന പരീക്ഷാ കമ്മീഷണർ നിർദ്ദേശിക്കുന്ന വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതാണെന്നും, സുതാര്യമായ സെലക്ഷൻ നടപടിക്രമങ്ങൾ വഴി മെരിറ്റടിസ്ഥാനത്തിൽ നികത്തുമെന്നും, ആയതിന്റെ വിശദാംശങ്ങൾ,-സർക്കാരിന്റെ പരിശോധനയ്ക്ക് നൽകുന്നതാണെന്നുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഉടമ്പടിയും സത്യവാങ്മൂലവും മാനേജ്മെന്റുകൾ ഒപ്പിടേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly